# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 501
# 29.05.2019 ലെ മറുപടിക്ക്

## നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ബിൽഡിംഗുകൾ, വാഹനം വാങ്ങൽ എന്നിവ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ (LAC - ADS) ഉൾപ്പെടുന്നതും പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം മുതലായ വകുപ്പുകൾക്കായി നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ ഫണ്ട് അനുവദിച്ച് നൽകുന്നത് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരി (CCO) ആയിട്ടുള്ള ശീർഷകങ്ങളിൽ നിന്നാണ്. 04/08/2018 ലെ സ.ഉ(അ)നമ്പർ 119/2018/ധന യുടെ ഖണ്ഡിക 4.6 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്നതുമായ പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് സ്പെഷ്യൽ LoC സംവിധാനം ഏർപ്പെടുത്തുമെന്ന് ഉത്തരവായിരുന്നു. ആയതിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾക്ക് പ്രത്യേക ബഡ്ജറ്റ് അലോട്ട്മെന്റ് സംവിധാനം നടപ്പിലാക്കി സ.ഉ(അ)നമ്പർ 165/2018/ധന തീയതി 26/10/2018 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് അനുസരിച്ച് Demand No. XV - പൊതുമരാമത്ത് - ൽ വരുന്ന ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാർ ആയി തുടരുന്നതാണെന്നും മറ്റു Demand കളിൽ വരുന്ന LAC ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട സെക്രട്ടറി /വകുപ്പ് തലവൻമാരെ ചീഫ് കൺട്രോളിംഗ് ഓഫീസർമാരാക്കി മാറ്റുകയുണ്ടായി. എന്നാൽ LAC ADS ശീർഷകങ്ങളുടെ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി ചീഫ് എഞ്ചിനീയർമാർ തന്നെ തുടരുന്നതാണ് ഫണ്ട് കൈകാര്യം ചെയ്യുന്നതിന് അഭികാമ്യം എന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ അഭിപ്രായപെട്ടതിന്റെ അടിസ്ഥാനത്തിൽ 26/10/2018 ലെ ഉത്തരവ് ഭേദഗതി ചെയ്ത് 14/05/2019 ലെ സ.ഉ(അ)നമ്പർ 58/2019/ധന പ്രകാരം LAC ADS ശീർഷകങ്ങളിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ ചീഫ് കൺട്രോളിംഗ് ഓഫീസർമാരായി മാറ്റിയിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്കുതന്നെ ഫണ്ട് നൽകാവുന്നതാണ്. |
| (ബി) | ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 165/2018 ഉത്തരവിലെ മൂന്നാം ഖണ്ഡികയിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കാത്തതിനാൽ ചീഫ് എഞ്ചിനീയർക്ക് ഫണ്ട് നൽകാൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | |
| (സി) | പ്രസ്തുത ഉത്തരവ് പുന:പരിശോധിക്കുന്നതിനും ചീഫ് എഞ്ചിനീയർക്ക് ഫണ്ട് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ